പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2008 — 15.07.2016-ൽ മറുപടിക്ക്.

## തിരിച്ചറിയൽ കാർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി | | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ഏറ്റവും അധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന പെരുമ്പാവൂരിൽ അവരെ തിരിച്ചറിയുന്നതിന് വേണ്ടി തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (എ) & (ബി) | സംസ്ഥാനമൊട്ടാകെ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിവരശേഖരണവും ആരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഇതിലൂടെ ഇവരുടെ കണക്കെടുപ്പും വിവര ശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും സാധ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ